**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 400** **29.06.2015-ൽ മറുപടിയ്ക്ക്**

## കാസർഗോഡ് മേഖലയിലെ അണ്ടർഗ്രൗണ്ട് കേബിളിംഗ്.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | കാസർഗോഡ് മേഖലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് അണ്ടർഗ്രൗണ്ട് കേബിളിംഗ് പ്രവർത്തനം നടന്നു വരുന്നത് ; എത്ര കിലോമീറ്റർ ദൂരത്തിൽ എത്ര രൂപ ചെലവഴിച്ചാണ് പ്രസ്തുത പ്രവൃത്തി നടത്തുന്നത് ; | (എ) | (i) കാഞ്ഞങ്ങാട് 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും കാഞ്ഞങ്ങാട് ടൗൺ 33 കെ. വി. സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്നതിനായി 4.145 കി.മീ. 33 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. ഇതിലേക്കായി 243.26 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>(ii) കാസർഗോഡ് 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും കാസർഗോഡ് ടൗൺ 33 കെ.വി. സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്നതിനായി 2 കി.മീ. 33 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിലേയ്ക്കായി 105.64 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | കാസർഗോഡ് വിദ്യാനഗർ സബ്സ്റ്റേഷനിൽ നിന്ന് പുതിയതായി നിർമ്മിച്ചുവരുന്ന കാസർഗോഡ് മുനസിപ്പാലിറ്റിയിൽപ്പെട്ട കേളുഗുട്ട സബ്സ്റ്റേഷനിൽ അണ്ടർ ഗ്രൗണ്ട് കേബിളിംഗ് നടത്തിവരുന്നുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എത്ര കിലോമീറ്റർ ദൂരമാണ് പ്രസ്തുത പ്രവൃത്തി ചെയ്യുന്നത്; ഈ രണ്ട് സബ്സ്റ്റേഷനും തമ്മിലുള്ള ദൂരം എത്ര ? | (സി) | കാസർഗോഡ് 110 കെ.വി. സബ്സ്റ്റേഷനും (വിദ്യാനഗർ) കാസർഗോഡ് ടൗൺ 33 കെ.വി. സബ്സ്റ്റേഷനും (കേളുഗട്ട) ഇടയിൽ 2 കി.മീ. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നു. ഇവ തമ്മിൽ 5 കി.മീ. ദൂരമുണ്ട്. |

**സെക്ഷൻ ഓഫീസർ.**